സ്ഥാപനത്തിൽ ഇപ്പോൾ ചുമതല നിർവ്വഹിച്ചുവരുന്നവരുടെ വിശദാംശം ചുവടെചേർക്കുന്നു :

എക്സിക്യൂട്ടീവ് ഡയറക്ടർ - (സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർക്ക് അഡീഷണൽ ചാർജ്ജ്).

റീജിയണൽ ഡയറക്ടർ - 2 (1 ഡെപ്യൂട്ടേഷൻ, 1 കരാർ അടിസ്ഥാനം)

പ്രോഗ്രാം കോ ഓഡിനേറ്റർ - 1 (ഡെപ്യൂട്ടേഷൻ)

അഡ്മിനിസ്ട്രേറ്റീവ്-കം-അക്കൗണ്ട്സ് ഓഫീസർ - 1 (ഡെപ്യൂട്ടേഷൻ)

അസിസ്റ്റന്റ് - 6 (കരാർ അടിസ്ഥാനം)

പ്യൂൺ - 3 (ദിവസക്കൂലി) പി.എസ്.സി. അനുമതിയോടെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ഇ) 31-2-2010-ൽ ചുമതല നിർവ്വഹിച്ചവരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

എക്സിക്യൂട്ടീവ് ഡയറക്ടർ - 1 (കരാർ അടിസ്ഥാനം)

റീജിയണൽ ഡയറക്ടർ - 1 (ഡെപ്യൂട്ടേഷൻ) പ്രോഗ്രാം കോ ഓഡിനേറ്റർ - 3 (2 ഡെപ്യൂട്ടേഷൻ, 1 കരാർ അടിസ്ഥാനം)

അഡ്മിനിസ്ട്രേറ്റീവ്-കം-അക്കൗണ്ട്സ് ഓഫീസർ - 1 (ഡെപ്യൂട്ടേഷൻ) അസിസ്റ്റന്റ് - 5 (കരാർ അടിസ്ഥാനം) പ്യൂൺ - 3 (ദിവസക്കൂലി)

ജെൻഡർ അഡ്വൈസറി ബോർഡിന്റെ പ്രവർത്തനം

72 (1800) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജെൻഡർ അഡ്വൈസറി ബോർഡ് സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഘടന എന്താണെന്നും ആരൊക്കെയാണ് അംഗങ്ങളെന്നും വ്യക്തമാക്കാമോ ;

(സി) ജെൻഡർ അഡ്വൈസറി ബോർഡിന്റെ പ്രവർത്തനമെന്താണ് ;

(ഡി) എന്തൊക്കെ അധികാരങ്ങളാണ് ജെൻഡർ അഡ്വൈസറി ബോർഡിന്ഉള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജെൻഡർ അഡ്വൈസറി ബോർഡിന്റെ ഘടന ചുവടെ ചേർക്കുന്നു :

1. സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി - ചെയർപേഴ്സൺ
2. സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
5. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പ്
6. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
7. സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
8. സെക്രട്ടറി, ഫിഷറീസ് വകുപ്പ്
9. സെക്രട്ടറി, നിയമവകുപ്പ്
10. മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്
11. മെമ്പർ, കേരള വനിതാ കമ്മീഷൻ
12. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, കേരള
13. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
14. ഡയറക്ടർ, കയർ വികസനം
15. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ
16. ചെയർപേഴ്സൺ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ
17. അഡ്വൈസർ (ജെൻഡർ), സാമൂഹ്യക്ഷേമ വകുപ്പ് - കൺവീനർ
18. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, എം.എൽ.എ.
19. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
20. ഡോ. ടി. എൻ. സീമ, എം.പി.
21. ഡോ. മൃദുൽ ഈപ്പൻ, മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്
22. ശ്രീമതി പി. കെ. സൈനബ, മെമ്പർ, കേരള വനിതാ കമ്മീഷൻ

(സി)

എ) വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കിവരുന്ന വികസന പരിപാടികളിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുക.

ബി) സ്ത്രീകൾക്ക് പ്രത്യേകം ഗുണം നൽകുന്നതിനും വേർതിരിച്ച് വകയിരുത്താവുന്നതുമായ സ്കീമുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലും വിവിധ വകുപ്പുകളുടെ സംസ്ഥാന പദ്ധതികളിലും ഉൾപ്പെടുത്തുക. ഇതിനായി വാർഷിക പദ്ധതിയുടെ 10 ശതമാനമെങ്കിലും തുക വകയിരുത്തുമെന്ന് ഉറപ്പുവരുത്തുക.

സി) ജെൻഡർ ഓഡിറ്റിംഗ് നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

ഡി) സ്ത്രീശാക്തീകരണവും വനിതാ വികസനവും ലക്ഷ്യംവച്ചു കൊണ്ടുവിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികളും പ്രവർത്തനവും വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഏകോപനം ഉണ്ടാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

ഇ) മറ്റു നിർദ്ദേശിക്കപ്പെട്ട ചുമതലകൾ കൈകാര്യം ചെയ്യുക.

(ഡി)

1. നിലവിലുള്ള സ്ത്രീ ശാക്തീകരണ പദ്ധതികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക.
2. ഗാർഹിക പീഡന നിരോധന നിയമത്തിന്റെ നടത്തിപ്പിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കുക.
3. സാമൂഹ്യക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മൂന്ന് വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് സ്ത്രീ ശാക്തീകരണ പദ്ധതി രൂപീകരിക്കുന്നതിനായി പ്രൊപ്പോസൽ കുടുംബശ്രീ ഡയറക്ടർവഴി ലഭ്യമാക്കുക.
4. വകുപ്പ് അദ്ധ്യക്ഷന്മാരെയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാരേയും വിദഗ്ധരേയും ഉൾപ്പെടുത്തി ജെൻഡർ ബോർഡിന്റെ നേതൃത്വത്തിൽ ശില്പശാല സംഘടിപ്പിക്കുക.
5. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിലുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാംവഴി വകുപ്പുകളിൽ പുതിയ പദ്ധതികൾ സ്ത്രീകൾക്കായി ആവിഷ്ക്കരിക്കുക.
6. ബന്ധപ്പെട്ട വികസന വകുപ്പുകൾക്ക് ഡോക്യുമെന്റേഷനുവേണ്ടി ഫണ്ട് അനുവദിക്കുക.
7. ബഡ്ജറ്റിൽ പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം തുക സ്ത്രീശാക്തീകരണ പദ്ധതിക്കായി മാറ്റിവയ്ക്കുക.
8. ജെൻഡർ അവയർനെസ് ഓഡിറ്റിംഗ് നടത്തുക.

ജനനി സുരക്ഷായോജനവഴിയുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി

73 (1801) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനി സുരക്ഷായോജന സംസ്ഥാനത്ത് നടപ്പിലാക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി പ്രകാരം എത്ര രൂപയാണ് അനുവദിക്കുന്നത് ; എന്താണ് മാനദണ്ഡം ;

(സി) ഈ പദ്ധതിവഴി എത്ര തുക ഇതിനോടകം ചെലവഴിച്ചു ;

(ഡി) ഈ പദ്ധതിവഴി നൽകുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly